ഹദീസ്

ഡോ. കെ.എ നവാസ്
drkanavas@gmail.com

# എല്ലാ ലഹരിവസ്തുക്കളും വർജ്യം

عَنِ ابْنِ عُمَرَ، أَنَّ رَسُول الله صلى الله عليه وسلم قَالَ : كُلُّ مُسْكِرٍ خَمْرٌ وَكُلُّ مُسْكِرٍ حَرَامٌ

**ഇബ്നു ഉമറിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: "ലഹരിയുണ്ടാക്കുന്നതെന്തും മദ്യമാണ്. എല്ലാ ലഹരി വസ്തുക്കളും നിഷിദ്ധവുമാണ്" (മുസ്‌ലിം).**

ഇന്ന് ഏറ്റവും പ്രസക്തമായ ഒരു പ്രവാചക വചനം. മദ്യമുണ്ടാക്കുന്ന സാമൂഹിക വിപത്തുകളെ കുറിച്ച് അധികം വിവരിക്കേണ്ടതില്ല. ദിനേന വരുന്ന അശുഭകരമായ വാർത്തകളുടെ പിന്നിലേറെയും മദ്യമാണ് വില്ലൻ എന്നു കാണാം. പ്രവാചകൻ മദ്യനിരോധനം പ്രഖ്യാപിച്ചപ്പോൾ, പ്രബോധിത ജനത മദ്യാസക്തിയിൽ ആണ്ടുകഴിയുന്നവരായിരുന്നു. ഇരുപത്തിമൂന്നു കൊല്ലം കൊണ്ട് എങ്ങനെ ഒരു മനുഷ്യന് ഒരു സമൂഹത്തെ സംസ്കരിച്ചെടുക്കാൻ സാധിച്ചുവെന്ന് അതിശയത്തോടെ ചോദിക്കുന്നവർക്ക് മദ്യവർജനവും അതിനൊരു കാരണമായി തിരിച്ചറിയാനാകും.

മദ്യമുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ അനവധിയാണെന്ന് വൈദ്യശാസ്ത്രം വിലയിരുത്തുന്നുണ്ട്. കരളിനെ ബാധിക്കുന്ന സിറോസിസാണ് മദ്യത്തിന്റെ ഉപയോഗം കൊണ്ടുണ്ടാകുന്ന ഏറെ അറിയപ്പെടുന്ന രോഗം. എന്നാൽ, അന്നനാളത്തിലും ആമാശയത്തിലും ഉണ്ടാകുന്ന കാൻസറുകൾ, രക്തസമ്മർദം, ഹൃദയസ്തംഭനം, ഓർമക്കുറവ്, വന്ധ്യത തുടങ്ങി അനേകം രോഗങ്ങൾ മദ്യത്തിന്റെ ഉപയോഗം കാരണമായാണ് ഉണ്ടാവുകയെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പലയിനം അണുബാധക്കും മദ്യപാനികൾ എളുപ്പം വശംവദരാകുന്നു.

കുടുംബ വഴക്ക്, സ്ത്രീപീഡനങ്ങൾ, കൊലപാതകങ്ങൾ എന്നിങ്ങനെ നീളുന്ന അനവധി സാമൂഹിക പ്രശ്നങ്ങൾ മദ്യപാനത്തിന്റെ ഉപോൽപന്നങ്ങളാണെന്ന് ഏവർക്കും അറിവുള്ളതാണ്. എന്നിട്ടും അതിനെ മഹത്വവത്കരിക്കേണ്ടതും സ്റ്റാറ്റസ് സിംബലായി നിലനിർത്തേണ്ടതും മദ്യവിപണിയിലെ രാജാക്കന്മാരുടെ ആവശ്യമാണ്. മദ്യക്കച്ചവടവും പ്രവാചകൻ കർശനമായി വിലക്കിയിട്ടുണ്ട്.

ഇത്തരം രോഗങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും ബോധപൂർവം മറന്നുകൊണ്ട്, അൽപം മദ്യം സേവിക്കുന്നത് ആരോഗ്യത്തിന് ഗുണകരമാണെന്നുള്ള തെറ്റിദ്ധാരണ ജനങ്ങളിൽ പരന്നിട്ടുണ്ട്. അതിൽ ഗുണങ്ങൾ ഒന്നുമില്ല എന്നാർക്കും അഭിപ്രായമില്ല. പക്ഷേ ഗുണത്തേക്കാളേറെ ദോഷമാണെന്ന് ലോക സ്രഷ്ടാവ്, തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു: ''പ്രവാചകരേ, താങ്കളോടവർ മദ്യത്തെയും ചൂതിനെയും കുറിച്ച് ചോദിക്കുന്നു. പറയുക, അവ രണ്ടിലും ഗുരുതരമായ കുറ്റമുണ്ട്. മനുഷ്യർക്ക് ചില ഉപകാരങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപമാണ് പ്രയോജനത്തേക്കാൾ ഏറെ വലുത്'' (2:219).

ചിലരാകട്ടെ, ആൽക്കഹോളിന്റെ അംശം കുറവുള്ള ബിയർ, വൈൻ പോലുള്ളവ മദ്യത്തിന്റെ ഗണത്തിൽ പെടുത്തേണ്ടതില്ലെന്ന് വിശ്വസിച്ചുവശായിരിക്കുന്നു. പ്രവാചകൻ (സ) അതിനെ കുറിച്ച് മുമ്പേ പറഞ്ഞുവെച്ചിട്ടുണ്ട്: ''അവരതിനെ പല പേരുകളിലും വിളിക്കും, എന്നിട്ടത് നിയമവിധേയമാക്കും'' (ദാരിമി).

മനസ്സിന് ഉന്മാദം നൽകുന്നതെന്തും മദ്യത്തിന്റെ ഗണത്തിൽ വരുമെന്ന പ്രവാചക വചനത്തിൽനിന്നും എല്ലാ മയക്കുമരുന്നുകളും നിഷിദ്ധമാണെന്ന് ബോധ്യപ്പെടും. ഇന്ന് സുലഭമായ കഞ്ചാവ്, ഓപ്പിയം, മരിജുവാന, ഹഷീഷ്, കൊക്കൈൻ തുടങ്ങിയവയൊക്കെ ഈ നിഷിദ്ധ വസ്തുക്കളിൽപെടും. ഇത്തരം മാരകമായ ലഹരിവസ്തുക്കൾക്ക് ഇന്ന് കുട്ടികളും സ്ത്രീകളും വരെ അടിപ്പെടുന്നു എന്നതാണ് ഏറെ അപകടകരം.

മാനസിക പിരിമുറുക്കം കുറക്കാൻ നല്ലതെന്നു പ്രലോഭിപ്പിച്ചാണ് മയക്കുമരുന്ന് വിൽപനയുടെ ഇടനിലക്കാർ ഇരകളെ കണ്ടെത്തുന്നത്. പരീക്ഷകൾ ആയാസരഹിതമായി എഴുതാമെന്ന് വിശ്വസിച്ച് വിദ്യാർഥികളും, കഠിന ജോലികളിൽനിന്ന് സ്വാസ്ഥ്യം കിട്ടാൻ നല്ലതെന്നു കരുതി കൂലിപ്പണിക്കാർ മുതൽ ഐ.ടി ഉദ്യോഗസ്ഥർ വരെയും ഉപയോഗിക്കുകയാണിന്ന് മയക്കുമരുന്നുകൾ. ഉപയോഗിച്ചുതുടങ്ങിയാൽ ഉടൻ അതിനടിപ്പെടുന്നു എന്നതാണ് ന്യൂ ജനറേഷൻ മയക്കുമരുന്നുകളുടെ പ്രത്യേകത. അടിപ്പെട്ടു കഴിഞ്ഞാൽ എന്തു വിലകൊടുത്തും അതു വാങ്ങി ഉപയോഗിക്കുക എന്ന അവസ്ഥയിലാണ് ഇക്കൂട്ടർ ചെന്നെത്തുന്നത്.

'മദ്യത്തിനടിപ്പെട്ടവർ സ്വർഗത്തിൽ പ്രവേശിക്കില്ല' എന്ന പ്രവാചക വചനം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാണ്. ●